


# കലാവിദ്യാഭ്യാസം

## പഠനസഹായി

**സ്റ്റാൻഡേർഡ് 6**

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2020



aneta trcalkova_age 14_czech republic



**joan miro**
**Woman with Three Hairs Surrounded by Birds in the Night**
**Palma, September 2, 1972**

## സ്റ്റാൻഡേർഡ് 6

# കലാവിദ്യാഭ്യാസം

## പഠന സഹായി


കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2020

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2019
Printed at :



പ്രിയപ്പെട്ട കുട്ടികളേ,

കേരളത്തിലെ കലാവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് കുട്ടികൾക്ക് നേരിട്ട് ഉപയോഗിക്കുവാൻ കഴിയുന്ന ഒരു പഠന സഹായി പുറത്തിറങ്ങുന്നത്. കല നമ്മുടെ ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നുണ്ടല്ലോ. കലാപഠനം മനുഷ്യന്റെ സർഗ്ഗ ശേഷിയെ മെച്ചപ്പെടുത്തുന്നതോടൊപ്പം തലച്ചോറിന്റെ ഗുണാത്മക വളർച്ചയെ ഏറെ സഹായിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. കലയ്ക്ക് ഒരു ഭാഷയേ ഉള്ളൂ.അത് സാർവ ലൗകിക ഭാഷയാണ്. ലോകത്തിന്റെ ഏതുഭാഗത്തുള്ള കുട്ടികളുടേയും തനതു രചനാരീതി ഒന്നുതന്നെയാണ്.ലോകത്തെവിടെയുമുള്ള കുട്ടികൾക്ക് കിട്ടുന്ന പഠനാനുഭവങ്ങൾ നിങ്ങൾക്കും ലഭ്യമാക്കുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം. ഈ പുസ്തകം അത്തരമൊരു ശ്രമം മുന്നോട്ട് വയ്ക്കുന്നുണ്ട്. നിങ്ങളുടെ സഹപാഠികളുടെയും വീട്ടുകാരുടെയും അധ്യാപകരുടെയും സഹായം കൂടി പ്രയോജനപ്പെടുത്തി ഈ പുസ്തകം മികച്ചരീതിയിൽ ഉപയോഗിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. ജെ. പ്രസാദ്**

ഡയറക്ടർ

എസ്.സി.ഇ.ആർ.ടി.കേരളം

## പാഠപുസ്തക ശിൽപശാല അംഗങ്ങൾ

### വിദഗ്ധർ

**സാജു തുരുത്തിൽ**
അസിസ്റ്റന്റ് പ്രൊഫസർ, സംസ്കൃത സർവകലാശാല, കാലടി. (സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മറ്റി അംഗം)

**ഡോ. സുനിൽ വി. ടി**
അസോസിയേറ്റ് പ്രൊഫസർ, സ്വാതിതിരുനാൾ സംഗീതകോളജ്, തിരുവനന്തപുരം.

**ബി. കെ. രാജഗോപാലൻ നായർ**
പ്രിൻസിപ്പാൾ(റിട്ട),ഡയറ്റ് കൊല്ലം

**ജി. സ്റ്റാലിൻ**
സീനിയർ ലക്ചറർ (റിട്ട), ഡയറ്റ് പത്തനംതിട്ട.

**ജി. സോമൻനായർ**
(റിട്ട), സംഗീതാധ്യാപകൻ.ജിവിഎച്ച്എസ്എസ്.കരകുളം,തിരുവനന്തപുരം.


anthea neums -age 14-germani

### പങ്കാളികൾ

**ഗോപു പട്ടിത്തറ**
കെ.എം.ജി.വി.എച്ച്.എസ്എസ് തവനൂർ. മലപ്പുറം

**ശ്രീധരൻ ടി. പി**
ആർ.വി.എച്ച്.എസ്.എസ് ചൊക്ലി, കണ്ണൂർ.

**കെ. പി. മുരളീധരൻ,**
ഇല്ലസ്ട്രേറ്റർ,കറ്റാനം.

**എൻ. ടി. രാജീവ്**
ജിഎച്ച്എസ്എസ്.തരിയോട്, വയനാട്.

**ശ്രീനിവാസൻ. പി. ജി**
എച്ച്എസ്എസ്.വല്ലപ്പുഴ, പാലക്കാട്.

**ജ്യോതിചന്ദ്രൻ**
ജി.വി.എച്ച്.എസ്.എസ്.കാറടുക്ക, കാസർഗോഡ്.

**റാണിസുഷമ**
എസ്.ഡി.വി.എച്ച്.എസ് ആലപ്പുഴ.

**ബഷീർ ചിത്രകൂടം**
എം.യു.എച്ച്.എസ്.എസ്.ഊരകം, മലപ്പുറം.

**എം. കെ. പൗലോസ്**
ജി.ജി.എച്ച്.എസ്.എസ്.പെരുമ്പാവൂർ, എറണാകുളം.

**വീണാചന്ദ്രൻ**
വി.വി.എച്ച്.എസ്.എസ് താമരക്കുളം, ആലപ്പുഴ.

**രാഗം അനൂപ്**
ഡാൻസ്ടീച്ചർ, പത്തനംതിട്ട.

**ലക്ഷ്മി. എസ്. മേനോൻ**
സെന്റ് ജോസഫ് സി.ജി.എച്ച്.എസ്.കാഞ്ഞൂർ, കാലടി, എറണാകുളം.

**രാജേഷ്**
സെന്റ് ജോസഫ് എച്ച്.എസ്.എസ്.പൈങ്ങാട്ടൂർ, എറണാകുളം.

**അജിത് കുമാർ**
എസ്.എൻ.എച്ച്.എസ്.എസ്.ഒക്കൽ. എറണാകുളം.

### രൂപകല്പന

**ഗോപു പട്ടിത്തറ, ശ്രീധരൻ. ടി. പി, ബ്രിജേഷ്. പി**

### അക്കാദമിക് കോർഡിനേറ്റർ

**ഡോ. അജീഷ്. പി. ടി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി കേരളം





# ഉള്ളടക്കം




**ചിത്രകല**

| | | |
|---|---|---|
| യൂണിറ്റ്-1 | അമ്മയുണ്ട് കൂടെ | 8 |
| യൂണിറ്റ്-2 | വർണ്ണം വിതറും പൂമ്പാറ്റകൾ | 18 |
| യൂണിറ്റ്-3 | ചുട്ടെടുക്കാം മുദ്രകൾ | 27 |

**സംഗീതം**

| | | |
|---|---|---|
| യൂണിറ്റ്-1 | നമുക്കൊരു പാട്ടു പാടാം | 36 |
| യൂണിറ്റ്-2 | നാടൻ ശീലുകൾ | 43 |
| യൂണിറ്റ്-3 | കിലുക്കം | 50 |

**നൃത്തം**

| | | |
|---|---|---|
| യൂണിറ്റ്-1 | നാട്ടു വഴികൾ | 58 |
| യൂണിറ്റ്-2 | കുഞ്ഞിക്കൈ പാഠങ്ങൾ | 63 |
| യൂണിറ്റ്-3 | ചൊൽക്കാഴ്ചകൾ | 71 |

**നാടകം**

| | | |
|---|---|---|
| യൂണിറ്റ്-1 | ശബ്ദതാളമയം | 76 |
| യൂണിറ്റ്-2 | മുഖംമൂടികൾ | 83 |

ഇവിടെ ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കൂ....

ഇത് എന്റെ സ്വന്തം പഠന സഹായി

പേര് :

ക്ലാസ് :

സ്കൂൾ :

# ചിത്രകല



vassily kandinsky 1908



mother india - amrita shergil

## യൂണിറ്റ് 1

# അമ്മയുണ്ട് കൂടെ



**അമ്മ എന്ന രണ്ടക്ഷരം നമ്മിൽ നിറക്കുന്ന ഊർജ്ജം എത്രയാണല്ലേ...! ഇങ്ങനെ തൊട്ടും തലോടിയും മുന്നിലും പിന്നിലും അമ്മയുണ്ടാവുമ്പോൾ എന്തൊരു ധൈര്യമാണ് നമുക്ക്. ആ മടിയിൽ തലചായ്ച്ചു കിടക്കുമ്പോൾ ലോകം മുഴുവൻ പടരാനുള്ള ശക്തി നമ്മിൽ നിറയുന്ന പോലെ...**

## അമ്മച്ചിരിയും കരച്ചിലും

അമ്മ ചിരിക്കുമ്പോൾ, അമ്മ കരയുമ്പോൾ, നമുക്കും വീടിനുംഎന്തെല്ലാം മാറ്റമാണുണ്ടാകുന്നത്.
അമ്മ അനുഭവിക്കുന്ന സങ്കടങ്ങൾ അറിയാൻ എപ്പോഴെങ്കിലും നമ്മൾ ശ്രമിച്ചിട്ടുണ്ടോ ?
അമ്മയുടെ സന്തോഷങ്ങൾ, സങ്കടങ്ങൾ, അമ്മ ചെയ്യുന്ന പണികൾ, നമ്മൾ ചെയ്യുന്ന സഹായങ്ങൾ, അറിയാതെ ചെയ്തുപോകുന്ന ഉപദ്രവങ്ങൾ എല്ലാമോർത്തു നോക്കൂ.
ഓർമ്മയിൽ തെളിഞ്ഞുവരുന്നുണ്ടോ?എങ്കിൽ ഇവിടെ എഴുതി നോക്കൂ.
എല്ലാം വേണ്ട.പ്രധാനപ്പെട്ട ചിലതുമാത്രം...



എഴുതി കഴിഞ്ഞല്ലോ
ഒരോരുത്തരായി എഴുതിയ
കാര്യങ്ങൾ അവതരിപ്പിക്കൂ
പറയുന്ന കാര്യങ്ങൾ വ്യക്തത വരുത്തി
ടീച്ചർ ബോർഡിൽ എഴുതും
എഴുതിയതിൽ ചിലതിനോട്
നമുക്ക് വല്ലാത്ത ഇഷ്ടം തോന്നുന്നുണ്ടല്ലോ.

എന്നാൽ അത് തന്നെ വരയ്ക്കാം
വീട്ടിലിരുന്ന് അ3 പേപ്പറിൽ
ഭംഗിയായി വരച്ചു ക്ളാസിൽ
കൊണ്ടുവരണം.
അമ്മയെയും നിങ്ങളെയും അതേപടി
വരയ്ക്കാൻ കഴിയണമെന്നില്ല.
നിങ്ങൾക്കാവുന്നതുപോലെ.



വരയ്ക്കുന്ന ചിത്രത്തിൽ
അമ്മയുടെകൂടെ
നിങ്ങളെയും വരയ്ക്കണം.
ബ്രഷ്കൊണ്ടു
നേരിട്ടാവണം
വരയ്ക്കേണ്ടത്
രൂപങ്ങൾക്ക് ഉചിതമായ
വലുപ്പം വേണം.

*അമ്മയ്ക്ക് നിങ്ങളെക്കാൾ
ഉയരം കൂടുതൽ ഉണ്ടോ?.
അമ്മയും നിങ്ങളും ഒരേ തരം
വസ്ത്രമാണോ ധരിക്കുന്നത്?.
വരയ്ക്കുമ്പോൾ ഇത്തരം ചില കാര്യങ്ങൾ
ശ്രദ്ധിക്കൂ.*

# 11

പ്രകൃതിയിൽ കാണുന്ന ഒന്നിനെയും
അതേപടി അനുകരിച്ചു വരയ്ക്കേണ്ട.
ഭംഗിവേണം, വൃത്തിവേണം;
രൂപം അതാണെന്ന തോന്നലുണ്ടാവണം.
ആനയെ വരച്ചാൽ ആടാണെന്ന്  തോന്നരുത്.
രൂപങ്ങൾക്ക് യഥാർത്ഥനിറം കൊടുക്കണമെന്നില്ല
മഞ്ഞയോ പച്ചയോ നീലയോ ഒക്കെയാവാം
ഭംഗിയുള്ള നിറങ്ങൾ തെരഞ്ഞെടുക്കൂ.
വസ്ത്രവും ഇത്തരത്തിൽ ചെയ്യൂ.
വസ്ത്രങ്ങൾ ധരിക്കുന്ന രീതി, അലങ്കാരപ്പണികൾ
എല്ലാം ശ്രദ്ധിച്ചു വരയ്ക്കൂ. പശ്ചാത്തലത്തിൽ
മരങ്ങൾ,മൃഗങ്ങൾ,പക്ഷികൾ ഒക്കെയാകാം.
ആവശ്യമുള്ളവമാത്രം വരച്ചാൽമതി.
ഇവയ്ക്കും നിറം നൽകാൻ മറക്കരുത്.

*വര കഴിഞ്ഞാൽ മറ്റൊരു പേപ്പറിൽ*
*കറുപ്പുനിറം മാത്രം ഉപയോഗിച്ച്*
*ഇതേ ചിത്രം വരയ്ക്കൂ.*
*ഒരേ ആശയം തന്നെ രണ്ടുതരത്തിൽ*
*ചെയ്തല്ലോ,*
*ഇതിനെ വേണമെങ്കിൽ*
*കൊളാഷ് ചിത്രവുമാക്കി മാറ്റാം.*
*കൊളാഷ് ചെയ്യുന്ന രീതി*
*ടീച്ചറുമായി ചർച്ച ചെയ്യൂ.*



zuzana sencekova age 12 slovak republic




# എല്ലാവർക്കും അമ്മയില്ലേ

അമ്മയും  നമ്മളും പ്രകൃതിയും
ഒക്കെ ഉൾക്കൊള്ളുന്ന ചിത്രമാണല്ലോ
വരച്ചത്.
പ്രകൃതിയിൽ നമുക്കുമാത്രമാണോ
അച്ഛനുമമ്മയുമുള്ളത്.
സ്വന്തം കുട്ടിയെ കാടൻപൂച്ചയിൽ നിന്നും
രക്ഷിക്കാൻ ദിവസവും സ്ഥലംമാറ്റുന്ന
അമ്മപ്പൂച്ച,പാലുകുടിക്കുന്ന കുട്ടിയുടെ
ശരീരത്തിൽ സ്നേഹത്തോടെ
നക്കിക്കൊണ്ടിരിക്കുന്ന അമ്മയാട്.
പരുന്ത് റാഞ്ചാൻ വരുമ്പോൾ തന്റെ
കുട്ടികളെ ചിറകിനുള്ളിൽ ഒളിപ്പിച്ചു
വയ്ക്കുന്ന കോഴിയമ്മ.
ഇങ്ങനെ നിങ്ങൾക്ക് പരിചിതമായ
ഒന്നോ രണ്ടോ ആശയങ്ങൾ കൂടി
ചിത്രമാക്കി മാറ്റൂ. ഒഴിവുസമയത്ത്
വീട്ടിലിരുന്ന് സൗകര്യപൂർവ്വം വരയ്ക്കൂ.

ടീച്ചറെയും കൂട്ടുകാരെയും കാണിച്ച്
അഭിപ്രായം ആരായണം.
വരയ്ക്കുന്ന എല്ലാ ചിത്രത്തിലും
പേരും ക്ലാസും തീയതിയും എഴുതണേ.



# ഉണ്ടാക്കാം ചിത്രപുസ്തകം



നിങ്ങളും കൂട്ടുകാരും വരച്ച എല്ലാ ചിത്രങ്ങളും ടീച്ചറുടെ സഹായത്തോടെ വൃത്തിയായി അടുക്കിവച്ച് തുന്നിച്ചേർക്കൂ ഈ ആശയവുമായി ബന്ധപ്പെട്ട ഒരു ചിത്രം മുഖച്ചിത്രമായി വരയ്ക്കാം. വരച്ചതിൽ ഉചിതമായ ഒന്ന് തെരെഞ്ഞെടുത്താലും മതി.
മുഖച്ചിത്രം വൃത്തിയായി ഒട്ടിച്ച് പുറംചട്ടയുണ്ടാക്കൂ.
ചന്തമുള്ളൊരുപേര് കണ്ടെത്തി ചേരുന്ന സ്ഥലത്ത്  എഴുതുകകൂടി ചെയ്താൽ നന്ന്.

ചിത്രപുസ്തകം സ്കൂൾ അസംബ്ലിയിൽ പ്രകാശനം നടത്തി
ലൈബ്രറിയിലേക്ക് സംഭാവന ചെയ്യൂ.

14

# ടി. കെ. പത്മിനി

T K.PADMINI



ഇന്ത്യ

1940-1969





പ്രമുഖ ഇന്ത്യൻ ചിത്രകാരിയായ
ടികെ.പത്മിനി 1940 മെയ് 2 ന്
പൊന്നാനിയിലെ കാടഞ്ചേരിയിൽ ജനിച്ചു.
എ.വി.ഹൈസ്കൂളിലെ
ചിത്രകലാധ്യാപകനായിരുന്ന
കെ.എൽ.ദേവസ്സി മാഷാണ് ചിത്രകലയിലെ
കഴിവിനെ തിരിച്ചറിയുന്നത്.സ്കൂൾ
പഠനത്തിനുശേഷം മദ്രാസ് സ്കൂൾ ഓഫ്
ആർട്സിൽ ചിത്രകലാപഠനം ആരംഭിച്ച
പത്മിനി,വിഖ്യാതചിത്രകാരൻ
കെ.സി.എസ്. പണിക്കരുടെ കീഴിൽ ഉയർന്ന
റാങ്കോടെ ചിത്രകലാപഠനം പൂർത്തിയാക്കി.
പത്മിനി എന്ന ഗ്രാമീണപെൺകുട്ടിയെ
ചിത്രകാരിയാക്കി മാറ്റുന്നതിന് അമ്മാവനായ
ദിവാകരമേനോന്റെ നിർണായക തീരുമാനങ്ങളും
ആത്മസമർപ്പണത്തോടെയുള്ള
പ്രവർത്തനവും പ്രധാനപ്പെട്ടതായിരുന്നു.
ഗ്രാമീണസ്ത്രീകളും അവരുടെ ജീവിതുമാണ്
പത്മിനിച്ചിത്രങ്ങളുടെ മുഖ്യപ്രമേയം.
ഇരുണ്ട നിറങ്ങളും കട്ടികൂടിയ രേഖകളും
പത്മിനിയുടെ ചിത്രങ്ങളുടെ പ്രത്യേകതയാണ്.
നീലനദി,ധ്യാനം,നിലാവ്,ഡിസയർ,
ഡ്രീംലാൻഡ്, ഡോൺ, വുമൺ,ഗ്രോത്,
ബറിയർഗ്രൗണ്ട് എന്നിവ,
പത്മിനിയുടെ ചിത്രങ്ങളിൽ ചിലതാണ്.
പട്ടം പറത്തുന്ന പെൺകുട്ടിയാണ്
അവസാനം വരച്ചചിത്രം.
1969 മെയ് 11 നു 29ാം വയസ്സിൽ
പത്മിനി അന്തരിച്ചു.

# 15

## അമൃത ഷെർഗിൽ

AMRUTHA SHERGIL





ഇന്ത്യ

1913-1941

group of three girls



ഇന്ത്യൻ ചിത്രകാരികളിൽ പ്രമുഖയായ അമൃത,1917 ജനുവരി 30 നു ഹംഗറയിലെ ബുഡാപെസ്റ്റിൽ ജനിച്ചു. ഇന്ത്യക്കാരനായ ഉംറാവുസിംഗാണ് (Umrao Singh Sher-Gil Majithia) പിതാവ്.അമ്മ ഹംഗറിക്കാരിയായ മരിയ ആങ്ത്വാനത്തും (Marie Antoniette Gottesmann). 1921 ൽ ഇന്ത്യയിലെത്തി.കേവലം ഒരുദശകം കൊണ്ട് ചിത്രകലയിൽ തനതായ വ്യക്തിമുദ്രപതിപ്പിച്ച അമൃത, ഇരുപതാം നൂറ്റാണ്ടിലെ ചിത്രകലയിൽ പുതിയ ആവിഷ്ക്കാരരിതിക്കുടമയായ പ്രമുഖചിത്രകാരി,നവീന ഇന്ത്യൻ ചിത്രകലയിലെ അഗ്രഗാമി എന്നീ നിലകളിൽ വിശേഷിപ്പിക്കപ്പെടുന്നു. വധുവിന്റെ ചമയം,യാചകർ, ഗ്രാമീണർ, മദർ ഇന്ത്യ,ബ്രഹ്മചാരികൾ, ഹൽദി തയ്യാറാക്കുന്നവർ,സിക്ക് ഗായകർ എന്നിവ പ്രശസ്ത സൃഷ്ടികൾ.1941 ഡിസംബർ 5ന് 28 ാമത്തെ വയസ്സിൽ അമൃത ഷെർഗിൽ അന്തരിച്ചു.

# അജ്ഞലി ഇള മേനോൻ



ANJOLIE ELA MENON

ഇന്ത്യ

**1940 ജൂലൈ 17**

പ്രമുഖ ഇന്ത്യൻ ചിത്രകാരിയായ
അഞ്ജലി ഇള മേനോൻ
1940 ജൂലൈ 17ന് ബംഗാളിൽ ജനിച്ചു.
ബോംബെ ജെ ജെ സ്കൂൾ ഓഫ് ആർട്സിൽ
നിന്നും ചിത്രകലയിൽ പരിശീലനം നേടി.
തുടർന്ന് പാരീസിൽ ഉപരിപഠനം നടത്തി.
ദേശീയവും അന്തർദേശീയവുമായ ഒട്ടേറെ
കലാപ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.
ഭാരതീയ ജീവിതത്തിന്റെ നേർക്കാഴ്ചകളാണ്
ഇവരുടെ രചനകൾ.പത്മശ്രീ,കാളിദാസ് സമ്മാൻ
തുടങ്ങി നിരവധി ബഹുമതികൾ കരസ്തമാക്കിയ
അഞ്ജലി ഇള മേനോൻ ഇപ്പോൾ
മുഴുവൻ സമയചിത്രകാരിയായി ഡൽഹിയിൽ
കഴിയുന്നു.





# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..............................................................................................................................

..............................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



butterflies on elephant dung-kaeng krachan

### യൂണിറ്റ് 2

# വർണ്ണം വിതറും പൂമ്പാറ്റകൾ

പൂമ്പാറ്റകളുടെ ചന്തത്തിൽ മയങ്ങി
എല്ലാം മറന്നുനിന്ന കുട്ടിക്കാലം
നിങ്ങൾക്കുമുണ്ടായിരിക്കുമല്ലോ.
എങ്കിൽ ഒരു കുഞ്ഞുപൂമ്പാറ്റയുടെ
കൂടെയാവാം
ഇന്നത്തെ നമ്മുടെ യാത്ര.



# പൂമ്പാറ്റയ്ക്കിരിക്കാൻ പൂവ് തേടി



എല്ലാവരും
ഒരു കഷണം പേപ്പർ എടുക്കൂ.
അതിൽ നിങ്ങൾക്കിഷ്ടപെട്ട നിറങ്ങൾ
വെള്ളത്തിൽ ചാലിച്ച് കുടഞ്ഞിടൂ.
ഇനി പേപ്പർ
നടുവേ മടക്കിയ ശേഷം
കൈകൊണ്ട് അമർത്തി തടവൂ.
പേപ്പർ മടക്കിയ വരയോടുചേർന്ന്
ഒരു പൂമ്പാറ്റയുടെ
പകുതിഭാഗം വരയ്ക്കൂ.
ഒരു കത്രികയോ,ബ്ലെയ്ഡോ
ഉപയോഗിച്ച് വൃത്തിയായി
വെട്ടിയെടുക്കൂ.
പതുക്കെ നിവർത്തി നോക്കൂ.



■ എക്സ് റേ ഫിലിം

■ ..............................

■ ..............................

■ ..............................

■ ..............................

■ ..............................

പൂമ്പാറ്റയെ നിർമ്മിക്കാൻ വേറെയും വഴികളില്ലേ... എഴുതി നോക്കൂ...

പൂമ്പാറ്റയ്ക്കു തേൻ നുകരുവാൻ
ഒരു പൂവ് വേണ്ടേ?.
പൂക്കൾ എത്ര തരമാണ്?. പല നിറത്തിൽ
പല ആകൃതിയിൽ, പല വലുപ്പത്തിൽ...

പൂവ് മാത്രമാക്കണ്ട ഇലയുംതണ്ടും
മൊട്ടും എല്ലാമുള്ള ഒരു ചെടി തന്നെയാവാം.
ചെടികളുടെ തണ്ടു നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ
ചുവപ്പ്,പച്ച,വെള്ള കലർന്ന നീല,
മഞ്ഞ കലർന്ന പച്ച...
പൂക്കളെപ്പോലെ തന്നെ എന്തുമാത്രം
വൈവിധ്യമാണിവയ്ക്ക്. ചെടികളിൽത്തന്നെ
കുറ്റിയായി നിൽക്കുന്നവ...പടർന്നു കയറുന്നവ...
ഉയർന്നു നിൽക്കുന്നവ...
അങ്ങിനെ...അങ്ങിനെ...
വരയ്ക്കാൻ ഏതുചെടിയുമാവാം.
വരയ്ക്കുമ്പോൾ പശ്ചാത്തലത്തിലും ഉചിതമായ
നിറം കൊടുക്കണം. നേരത്തെ നിർമിച്ച ശലഭത്തെ
പൂവിൽ ഒട്ടിക്കണം.
ഇനിപ്രദർശിപ്പിക്കൂ...അഭിപ്രായം പറയൂ.



ഓരോ ചിത്രത്തിന്റെയും മേന്മയും
പോരായ്മയും ചർച്ച ചെയ്യൂ .
പിന്നീട് വരയ്ക്കുമ്പോൾ ഗുണം
ചെയ്യും.
ഇനി ഈ ചിത്രങ്ങളെല്ലാം അടുപ്പിച്ചു
ഒട്ടിച്ചുവെച്ചു ചുവരിൽ ഒരു
ചിത്രപ്പൂന്തോട്ടം ഉണ്ടാക്കൂ .
ചിത്രത്തിൽ നിന്നും ചില ഭാഗങ്ങൾ
വെട്ടിക്കളഞ്ഞാൽ പൂന്തോട്ടത്തിന്റെ
തോന്നലുണ്ടാകും.
പൂക്കളിലിരിക്കുന്ന ശലഭങ്ങൾ,
പറന്നുവരുന്ന വണ്ടുകൾ,
കിളികൾ...
എല്ലാം വരച്ച് ഉചിതമായ സ്ഥലത്ത്
ഒട്ടിക്കൂ.

നിങ്ങൾ വരച്ച ചെടിയുടെ
പ്രത്യേകതകൾ ഇവിടെ എഴുതു.

നിങ്ങൾ വരച്ച ചെടിയുടെ ഇല ഉണക്കി
ഇഷ്ടപ്പെട്ട നിറംകൊടുത്ത് ഇവിടെ ഒട്ടിക്കൂ.
തണ്ടും പൂവും ഇലയും ചേർത്തും ഒട്ടിക്കാം.

## പൂന്തോട്ടം ചുവരിൽ നേരിട്ട് വരച്ചാലോ... 21

ടീച്ചറുമായി ചർച്ചചെയ്ത്
ആവശ്യമായ
തയ്യാറെടുപ്പുനടത്തി
ചുവരിൽ പൂന്തോട്ടം തീർക്കു.



# ഈ ജീവലോകം എത്ര സുന്ദരം

സ്കൂൾ വിട്ടു പോകുമ്പോഴും
വീട്ടിലെത്തിയാലും നമ്മൾ വരച്ച ചിത്രം
മനസ്സിലുണ്ടാവുമല്ലോ.
അടുത്ത ക്ലാസ്സിലേക്കു വരുന്നതിന് മുൻപ്
ഈ ചെടിയെ നേരിൽ കാണൂ .
പൂവിന്റെ ആകൃതി, ഇലയുടെ പ്രത്യേകതകൾ
എല്ലാം കൃത്യമായി നിരീക്ഷിക്കൂ.

നന്നായി ശ്രദ്ധിച്ചു നോക്കൂ ...
ചില ചെറുജീവികളെയും കാണുന്നില്ലേ.
പകുതി തിന്ന ഇലയുടെ അടിയിൽ
അള്ളിപ്പിടിച്ചിരിക്കുന്ന ഒരു കുഞ്ഞൻ പുഴു ,
നിറമുള്ള എട്ടുകാലി,താഴെ വീണുകിടക്കുന്ന
കരിയിലകൾക്കു മുകളിൽ കൊഴിഞ്ഞു വീണ ഒരു
പൂവിതൾ, വണ്ടുകൾ, തേനീച്ചകൾ,
തേൻകുരുവികൾ ഇവയെല്ലാം നിങ്ങളുടെ
ചിത്രത്തിലേക്ക് വരുമ്പോഴുള്ള ഒരു ലോകമുണ്ടല്ലോ!
ആഹാ എത്ര സുന്ദരം!
വരയ്ക്കാൻ കഴിയുമോ എന്ന ഭയം വേണ്ട.
അവയാണെന്ന തോന്നൽ മതി
നിങ്ങളുടെ സ്വാതന്ത്ര്യം പരമാവധി ഉപയോഗിക്കൂ.
നമുക്ക് വേണ്ടത് ഇമ്പമുള്ള ചിത്രമാണ്.



നിരീക്ഷിക്കുന്നതിന് മുമ്പ് വരച്ചചിത്രവും,
നിരീക്ഷിച്ചതിന് ശേഷംവരച്ചചിത്രവും
തമ്മിൽ എന്തു വ്യത്യാസമാണു
കാണുന്നത്. എഴുതു.






K MADHAVA MENON

## കെ മാധവ മേനോൻ



കേരളം

**1911 -1994**

1911 ജൂൺ 20 ന് തൃശൂർ ജില്ലയിലെ
കൊടുങ്ങല്ലൂരിൽ ജനിച്ചു
മദ്രാസ് തിയോസഫിക്കൽ
സൊസൈറ്റി സ്കൂളിൽ
അർദ്ധേന്ദുപ്രസാദ് ബാനർജിയുടെ
കീഴിൽ ചിത്രകല പഠിച്ചു.
രവീന്ദ്രനാഥ ടാഗോറിനെ
കണ്ടുമുട്ടിയതിനെത്തുടർന്ന്
ശാന്തിനികേതനിൽ എത്തി.
അവിടെ വച്ച്
അബനീന്ദ്രനാഥ ടാഗോറിന്റെ
ശിക്ഷണത്തിൽ
ചിത്രകലയിൽ ഉപരിപഠനം നടത്തി.
പ്രകൃതിയും പക്ഷിമൃഗാദികളും
മാധവമേനോന്റെ ചിത്രങ്ങളിൽ
നിറഞ്ഞു നിൽക്കുന്നു.
1994 ജനുവരി 4ന് അന്തരിച്ചു.

## ക്ലോദ് മോണേ

CLAUDE MONET





ഫ്രഞ്ച്

1840 -1926

പ്രശസ്ത ഫ്രഞ്ച് ചിത്രകാരനായ ക്ലോദ് മോണെ 1840 നവംബർ 14 ന് പാരീസിൽ ജനിച്ചു.
ആധുനിക ചിത്രകലാപ്രസ്ഥാനങ്ങളിൽ സുപ്രധാനമായ ഇമ്പ്രഷനിസത്തിന്റെ
അമരക്കാരനായിരുന്നു ക്ലോദ് മോണെ.
വർണ്ണങ്ങളാൽ പ്രകൃതിയെ ചിത്രങ്ങളിലേക്കാവാഹിക്കാൻ ക്ലോദ് മോണെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.
ഇമ്പ്രഷൻ സൺറൈസ് എന്ന മോണേയുടെ പെയ്ന്റിങ്ങിൽ നിന്നാണ്
ഇമ്പ്രഷനിസം എന്ന പേര് ഉണ്ടായത്.
ഇമ്പ്രഷൻ സൺറൈസ്,വാട്ടർ ലില്ലീസ് എന്നിവ ഇദ്ദേഹത്തിന്റെ പ്രസിദ്ധരചനകളാണ്.



water lilies



# എ രാമചന്ദ്രൻ

A RAMACHANDRAN

കേരളം





25

**1935**

1935ൽ ആറ്റിങ്ങലിൽ ജനിച്ചു.ശാന്തിനികേതനിൽ ചിത്രകലയിൽ ഉന്നതപഠനം നടത്തി. യയാതി, ഉർവ്വശി, ന്യൂക്ലിയർ,രാഗിണി തുടങ്ങിയവയാണ് പ്രസിദ്ധ രചനകൾ.പ്രകൃതിയും മനുഷ്യനും ഇഴപിരിക്കാനാവാതെ ഇടകലർന്ന രേഖാപ്രധാനമായ ചിത്രങ്ങളാണ് രാമചന്ദ്രന്റേത്.
രാജാരവിവർമ്മ പുരസ്കാരം,പത്മഭൂഷൺ എന്നിവ നൽകി കേരളവും ഭാരതവും ഈപ്രതിഭയെ ആദരിക്കുകയുണ്ടായി.സമകാലിക ഭാരതീയ ചിത്രകലയുമായി ബന്ധപ്പെട്ട് ഭാരതത്തിലും വിദേശത്തും സംഘടിപ്പിച്ച പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.സംഗീതം,
ശിൽപകല, ബാലസാഹിത്യം തുടങ്ങിയ അനവധി മേഖലകളിൽ നിപുണനാണ്.
ബാലസാഹിത്യത്തെക്കുറിച്ചുള്ള അനവധി അന്താരാഷ്ട്ര ചർച്ചകളിൽ പങ്കെടുത്തിട്ടുണ്ട്.
രാമചന്ദ്രന്റെ രചനകൾ നിറങ്ങളുടെ ഉത്സവമാണ്.ഭാരതീയ മിത്തുകളുടെ സ്വാധീനം പലതിലും കാണാം. രാമചന്ദ്രൻ സ്ഥിരമായി ഉപയോഗിക്കുന്നത് ഓയിൽ മീഡിയമാണ്.കേരളത്തിലെ ചുമർചിത്രങ്ങളോട് സമാനതയുള്ളതാണ് രാമചന്ദ്രന്റെ ശൈലി.രാജസ്ഥാനിലെ ബാനേശ്വറിലെ
ആദിവാസി ജീവിതത്തിന്റെ സ്വാധീനം രാമചന്ദ്രന്റെ ചില ചിത്രങ്ങളിൽ തെളിഞ്ഞുകാണാം.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ | ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|---|---|---|
| 1 | | | 33 | | |
| 2 | | | 34 | | |
| 3 | | | 35 | | |
| 4 | | | 36 | | |
| 5 | | | 37 | | |
| 6 | | | 38 | | |
| 7 | | | 39 | | |
| 8 | | | 40 | | |
| 9 | | | 41 | | |
| 10 | | | 42 | | |
| 11 | | | 43 | | |
| 12 | | | 44 | | |
| 13 | | | 45 | | |
| 14 | | | 46 | | |
| 15 | | | 47 | | |
| 16 | | | 48 | | |
| 17 | | | 49 | | |
| 18 | | | 50 | | |
| 19 | | | 51 | | |
| 20 | | | 52 | | |
| 21 | | | 53 | | |
| 22 | | | 54 | | |
| 23 | | | 55 | | |
| 24 | | | 56 | | |
| 25 | | | 57 | | |
| 26 | | | 58 | | |
| 27 | | | 59 | | |
| 28 | | | 60 | | |
| 29 | | | 61 | | |
| 30 | | | 62 | | |
| 31 | | | 63 | | |
| 32 | | | 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :.......................................................................................................................................

.......................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*



## യൂണിറ്റ് 3

# ചുട്ടെടുക്കാം മുദ്രകൾ

കളിമണ്ണിൽ ചുട്ടെടുക്കുന്ന മുദ്രകളെപ്പറ്റി
സിന്ധുനദീതട സംസ്കാരചരിത്രത്തിലും
മറ്റും നമ്മൾ പഠിച്ചിട്ടുണ്ടല്ലോ.
ഇവയെല്ലാം ശില്പങ്ങൾ തന്നെയാണ്.
ശില്പത്തിലും വിവിധ വിഭാഗങ്ങളുണ്ട്,
ഇവ ഏതൊക്കെയാണെന്ന് അന്വേഷിക്കൂ.
വിശദമായി ഉയർന്ന ക്ലാസ്സിൽ പഠിക്കാം.

## കുഴിച്ചെടുക്കാം ചെത്തിയെടുക്കാം




മുൻകൂട്ടി തീരുമാനിച്ച പ്രകാരം എല്ലാരുടെ പക്കലും കളിമണ്ണ്,ബ്ലെയിഡ് കഷണം, പേപ്പർകട്ടർ എന്നിവയും സോപ്പ് പെട്ടിയുടെ അടപ്പ്, വലിയ വാവട്ടമുള്ള കുപ്പിയുടെ അടപ്പ്, ചോറ്റ് പത്രത്തിന്റെ മൂടി ഇവയിലേതെങ്കിലും ഒന്നും ഉണ്ടാവണം. അടപ്പിന്റെ വലുപ്പത്തിനനുസരിച്ചു ഒരു പേപ്പർ വെട്ടിയെടുക്കൂ. അധ്യാപകന്റെ നിർദ്ദേശത്തിനനുസരിച്ചു അതിൽ നേരത്തെ തീരുമാനിച്ച ചിത്രം ഉചിതമായ വലുപ്പത്തിൽ വരയ്ക്കൂ.അടപ്പിൽ വൃത്തിയായി കളിമണ്ണ് നിറയ്ക്കണം. ഇനി സ്കെയിൽ ഉപയോഗിച്ച് മുകൾഭാഗം നിരപ്പാക്കി മിനുസപ്പെടുത്തൂ.വെള്ളം ചേർക്കാതെ വേണം മിനുസമാക്കാൻ.നേരത്തെ വരച്ച ചിത്രം മിനുസമുള്ള ഭാഗത്തുവച്ച് കളിമണ്ണിൽ പതിയത്തക്ക വിധത്തിൽ അധികം  അമർത്താതെ (വരയുടെ മീതെ)വരയ്ക്കൂ.

തിടുക്കം കൂട്ടണ്ട ശ്രദ്ധയോടെ ചെയ്യു.





## എൻഗ്രേവിങ്

കുഴിച്ചെടുക്കാനാണെങ്കിൽ
ഈ രേഖയിലൂടെ ബ്ലൈഡോ
കട്ടറോ ഉപയോഗിച്ച്
ആവശ്യത്തിനനുസരിച്ച്
താഴ്ത്തിവരക്കൂ.
രൂപത്തിനകത്തെ മണ്ണ്
സൂക്ഷ്മതയോടെ
എടുത്തുകളയൂ.
ഇപ്പോൾ രൂപം
എൻഗ്രേവ് ചെയ്തു കഴിഞ്ഞു.

## എമ്പോസിങ്

രൂപത്തെ ഉയർത്തി
നിർത്തുകയാണാവശ്യമെങ്കിൽ
രൂപത്തിന് ചുറ്റുമുള്ള മണ്ണിന്റെ
ഒരടുക്ക് എടുത്തു കളയൂ.
രൂപത്തിന്റെ വശം ചെറുതായി ഉരുട്ടൂ.

മറ്റൊരു മാർഗം വരച്ച രേഖയ്ക്കുള്ളിൽ
ശ്രദ്ധയോടെ കളിമണ്ണ് വച്ച്
രൂപത്തെ പൊക്കി നിർത്തുക
എന്നതാണ്.രൂപത്തിന് മുകളിൽ
ആവശ്യമുള്ള ഡിസൈൻ കോറിക്കോളൂ.
ഉദാ: മീനാണെങ്കിൽ
ചെതുമ്പൽ കോറിയിടാം

തിടുക്കം കൂട്ടണ്ട ശ്രദ്ധയോടെ ചെയ്യു.





എല്ലാം വൃത്തിയായി ചെയ്തതിനു ശേഷം ഉണങ്ങാൻ വയ്ക്കൂ. ഉണങ്ങുമ്പോൾ അടപ്പ് പെട്ടെന്ന് ഊരിയെടുക്കാൻ കഴിയും നന്നായി ഉണങ്ങിയതിനു ശേഷം ടീച്ചറുമായി ആലോചിച്ച് , മണ്ണ് ചുട്ടെടുത്തൽ കിട്ടുന്ന നിറം മുദ്രയ്ക്ക് നല്കുക. ഇനി ടീച്ചറോടു പറഞ്ഞ് ചൂളയുണ്ടാക്കിയോ മൺപാത്രമുണ്ടാക്കുന്നവരുടെ സഹായത്തോടെ ചുട്ടെടുക്കാം. ഇത് മെച്ചപ്പെടുത്താം രൂപത്തിനല്പം വൃത്തി കുറഞ്ഞാലും പ്രശ്നമില്ല. നിങ്ങൾക്ക് പറ്റുന്നതു പോലെ മാത്രം ചെയ്യൂ. രീതികൾ മനസ്സിലായല്ലോ ഇത്തരം ശില്പങ്ങൾ വെവ്വേറെ രീതി ഉപയോഗിച്ച് ചെയ്യണം. സംശയങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യണം. ചുട്ടെടുക്കുമ്പോൾ ചിലത് പൊട്ടിപ്പോകാൻ സാധ്യതയുണ്ട് . അപ്പോൾ വീണ്ടും ഉണ്ടാക്കുകയോ ചേർത്ത് ഒട്ടിക്കുകയോ ആവാം. ഇനി ഇവ നിങ്ങളുടെ ക്ളാസ് ചുവരിൽ ചേർത്ത് വച്ചു ഒട്ടിച്ചുനോക്കൂ. ഒന്നിച്ചു കാണാൻ ഭംഗിയില്ലേ. ഓരോന്നിനെക്കുറിച്ചുമുള്ള വിശദമായ ചർച്ചയാണിനി വേണ്ടത്.

സങ്കടം വേണ്ട... നമ്മുടെ ലക്ഷ്യം കൂടുതൽ മികച്ച ഉയരങ്ങളാണ്...

മുദ്ര നിങ്ങൾ ഉദ്ദേശിച്ച
വിധം കിട്ടിയില്ലെങ്കിലും
വിഷമിക്കേണ്ട.
രീതികൾ മനസിലായല്ലോ.
സ്ഥിരപരിശീലനത്തിലൂടെ അത് നമുക്ക്
മെച്ചപ്പെടുത്തിയെടുക്കാം. ഇപ്പോൾ
നിങ്ങൾക്ക് കഴിയുന്ന പോലെ ചെയ്താൽ മതി.
മറ്റ് രീതികൾ
ടീച്ചറുമായി ചർച്ചചെയ്ത്
ചെയ്തു നോക്കൂ.

# രാംകിങ്കർ ബെയ്ജ്

RAMAKINKAR BAIJ



ഇന്ത്യ



1906 - 1980

വേറിട്ട ശൈലിയിലൂടെ ഇന്ത്യൻ
ശില്പകലയുടെ യശസ്
ലോകം മുഴുവൻ പടർത്തിയ
ശില്പിയായ രാംകിങ്കർ ബെയ്ജ്
1906 മെയ് 25ന് ബംഗാളിലെ
ബാങ്കുറയിൽ ജനിച്ചു.
ശില്പകലയിലും
ചിത്രകലയിലും ഒരേപോലെ
മികവ് പുലർത്തിയ അപൂർവം
പ്രതിഭകളിൽ ഒരാളായിരുന്നു
രാംകിങ്കർ ബെയ്ജ്.
ശാന്തിനികേതനിൽ നിന്ന്
കലാപഠനം പൂർത്തിയാക്കിയ
രാംകിങ്കർ, തന്റെ രചനകൾക്ക്
വിഷയമാക്കിയത് സാധാരണക്കാരുടെയും
പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും
ജീവിതമായിരുന്നു. കലാരംഗത്തെ മികച്ച
സംഭാവനകളെ മാനിച്ച് ഈപ്രതിഭയെ
ഭാരതം പത്മഭൂഷൺ നൽകി
ആദരിക്കുകയുണ്ടായി.
സന്താൾകുടുംബം,
ലേഡീവിത്ത് ഡോഗ്,സുജാത
തുടങ്ങിയവ പ്രധാനസൃഷ്ടികളാണ്..
ഇന്ത്യൻ ശില്പകലാചിന്തകളെ
ഇളക്കിമറിച്ച ഈ പ്രതിഭ
1980 ആഗസ്റ്റ് 2 ന്
നമ്മെ വിട്ടുപിരിഞ്ഞു.



സാന്താൾകുടുംബം

# കെ. പി. കൃഷ്ണകുമാർ

K.P. KRISHNA KUMAR



കേരളം

1958-1989

ഇന്ത്യ കണ്ട പ്രതിഭാധനായ ശില്പിയായിരുന്ന കെ.പി.കൃഷ്ണകുമാർ 1950 - ൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്തു ജനിച്ചു.തിരുവനന്തപുരം കോളേജ് ഓഫ് ഫൈൻ ആർട്സ്,ശാന്തിനികേതൻ എന്നിവിടങ്ങളിൽ നിന്നായി കലാപഠനം പൂർത്തിയാക്കി.ചിത്രശില്പകലകളിൽ അസാമാന്യ കഴിവ് പ്രകടിപ്പിച്ചിരുന്ന കൃഷ്ണകുമാർ നേതൃത്വം നൽകി രൂപപീകരിച്ച റാഡിക്കൽ മൂവ്മെന്റ് കലാലോകത്ത് ഏറെ ചലനങ്ങൾ സൃഷ്ടിച്ചു. 1989 - ൽ അകാലത്ത്, കെ.പി.കൃഷ്ണകുമാർ നമ്മെ വിട്ടുപിരിഞ്ഞില്ലായിരുന്നെങ്കിൽ ഇന്ത്യൻ ശില്പകലയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു.




പശ്ചിമബംഗാളിലെ അമർകുടീരിലുള്ള
ടാഗോർ ശില്പം





ഡി. പി. റോയ് ചൗധരി

D.P.ROY CHOUDHURY



ഇന്ത്യ

1899-1975



ഡി. പി. റോയ് ചൗധരി എന്ന ദേവീ പ്രസാദ് റോയ് ചൗധരി 1899 ജൂൺ 15 ന് രംഗ്പൂരിൽ ജനിച്ചു. ചെന്നെയിലെ ഗവ. കോളേജ് ഓഫ് ഫൈൻ ആർട്സിൽ വിദ്യാർത്ഥിയായി ചേർന്ന ഇദ്ദേഹം പിന്നീട് പ്രിൻസിപ്പാളായാണ് റിട്ടയർ ചെയ്തത്. ലളിതകലാ അക്കാദമി രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയ റോയ് ചൗധരി ,അതിന്റെ സ്ഥാപക ചെയർമാനായി നിയമിതനാവുകയും ചെയ്തു. ചിത്രകലയിലും ശില്പകലയിലും ഒരേപോലെ നിറഞ്ഞു നിന്ന ഇദ്ദേഹത്തെ പത്മഭൂഷൺ ബഹുമതി നൽകി ഭാരതം ആദരിച്ചു. സൃഷ്ടികൾ പലതും തുറസ്സായ സ്ഥലങ്ങളിലെ വൻശില്പങ്ങളാണ്. ചെന്നൈ മറീന ബീച്ചിലുള്ള അധ്വാനത്തിന്റെ മഹത്വം, മഹാത്മാ ഗാന്ധി ശില്പംഎന്നിവയും ഡൽഹിയിലെ ദണ്ഡിമാർച്ച് ശില്പവും പ്രസിദ്ധങ്ങളാണ്. 1975 ഒക്ടോബർ 15ന് ഈപ്രതിഭ നമ്മെ വിട്ടുപിരിഞ്ഞു.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :..........................................................................................................................

..................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# സംഗീതം



SPB 1946-2020

യൂണിറ്റ് 1

# നമുക്കൊരു പാട്ട് പാടാം



ഫോട്ടോ. വിമൽ പി രാധാകൃഷ്ണൻ



**മാവേലി നാടു വാണീടും കാലം**
**മാനുഷരെല്ലാരുമൊന്നു പോലെ**
**ആമോദത്തോടെ വസിക്കും കാലം**
**ആപത്തങ്ങാർക്കുമൊട്ടില്ലതാനും.**
**ആധികൾ വ്യാധികളൊന്നുമില്ലാ...**
**ബാലമരണങ്ങൾ കേൾപ്പാനില്ലാ...**
**ദുഷ്ടരെ കൺകൊണ്ട് കാൺമാനില്ലാ...**
**നല്ലവരല്ലാതെ ഇല്ല പാരിൽ**

**ഈ പാട്ട് ഒറ്റയ്ക്കും കൂട്ടുകാരോടു ചേർന്നും ഈണത്തിൽ പാടൂ. ഓരോ സംഘങ്ങൾ പാടുമ്പോഴും മറ്റുള്ളവർ ശ്രദ്ധിക്കണേ. എല്ലാ സംഘാംഗങ്ങളും നന്നായി അവതരിപ്പിച്ചില്ലേ ?.**

മികച്ച അവതരണം നടത്തിയത് ഏതൊക്കെ സംഘങ്ങളാണ്
എന്തൊക്കെ അടിസ്ഥാനത്തിലാണ് നിങ്ങളവരെ കണ്ടെത്തിയത്
അഭിപ്രായങ്ങൾ ചുവടെ കുറിക്കൂ.



- ഗ്രൂപ്പിൽ എല്ലാവരും ഒരേ ഈണത്തിൽ പാടി.
- ..........................................................................................
- ..........................................................................................
- ..........................................................................................
- ..........................................................................................



ശബ്ദച്ചേർച്ചയോടെ ഇമ്പമുള്ള ഈണത്തിൽ ഒരേ സമയക്രമത്തിൽ പാടിയ സംഘങ്ങളെയല്ലേ മികച്ചവരായി നിങ്ങൾ തിരഞ്ഞെടുത്തത് ?
എല്ലാ സംഘങ്ങൾക്കും ഇങ്ങനെയൊക്കെ ചെയ്യാൻ സാധിക്കില്ലേ?

ഒരേപോലെ പാടുക എന്നാൽ, എല്ലാവരും ഒരേ ഉച്ചതയിലും ഒരേ ക്രമത്തിലും ഒരേ താളത്തിലും പാടുക എന്നാണർഥം.

സ്കൂളിലെ കായികമേളയിൽ ഓട്ടമത്സരത്തിനായി ട്രാക്ക് തയാറാക്കിയിട്ടുള്ളത് നിങ്ങൾ കണ്ടിട്ടില്ലേ .
ട്രാക്കിന് പുറത്തുകൂടി ഓടിയാൽ മത്സരത്തിൽ
നിന്ന് പുറത്തു പോകും. ഇതുപോലെ തന്നെ പാടുന്നതിനും ഒരടിസ്ഥാനക്രമം ആവശ്യമാണ്. സംഗീതത്തിൽ ഈ ക്രമത്തിന് പറയുന്ന പേരാണ് ശ്രുതി.

പത്തു പേരടങ്ങുന്ന ചെറുസംഘങ്ങളായി ചുവടെ നൽകിയിരിക്കുന്നത് പരിശീലിക്കാം

- ഹാ . . . എന്ന് നീട്ടി പറയുക.
- ഉച്ചരിക്കുന്നതെല്ലാം ഒരേ ഉച്ചതയിലാണോ?
- ഇതിൽ നിന്ന് വേറിട്ടു നിൽക്കുന്ന ശബ്ദം മറ്റു ഗ്രൂപ്പുകൾ തിരിച്ചറിയുന്നുണ്ടോ ?
- എല്ലാ ഗ്രൂപ്പും ഈ പ്രവർത്തനം നടത്തിനോക്കൂ .
- പല ശബ്ദങ്ങളും വേറിട്ടു കേൾക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽ പെട്ടില്ലേ .
- ഒരേ ഉച്ചതയിൽ ഒരുമിച്ച് കേൾക്കും വിധം പറയാൻ പരിശീലിക്കൂ.

നീട്ടി പാടിയപ്പോൾ ആദ്യം പല ശബ്ദങ്ങളും വേറിട്ടു കേട്ടെങ്കിലും
പിന്നീട് ചിലരുടെ ശബ്ദങ്ങൾ ഒരുപോലെയായി അല്ലേ? എന്താവും കാരണം?

ഒരു ശബ്ദത്തെ ശ്രദ്ധിച്ച് അതിലേക്ക് മറ്റുള്ളവരും അവരുടെ ശബ്ദമെത്തിക്കാൻ ശ്രമിച്ചപ്പോഴാണ് ശബ്ദത്തിന് ഏകീകരണമുണ്ടായത്. ശബ്ദം ഏകീകരിക്കാൻ ഒരടിസ്ഥാനം വേണം. ഇങ്ങനെ ശബ്ദം ഏകീകരിക്കാൻ – വേണ്ടിയുള്ള വാദ്യങ്ങളാണ് ശ്രുതിവാദ്യങ്ങൾ.

ചിത്രത്തിൽ കാണുന്ന സംഗീതോപകരണങ്ങൾ ഏതെല്ലാമാണെന്ന് എഴുതാമോ . . .



..............................



..............................



..............................



ഒരേ ശബ്ദത്തിൽ ഈ പാട്ടൊന്നു പാടിനോക്കു .

ഓമനത്തിങ്കൾ കിടാവോ . . . നല്ല
കോമളത്താമരപ്പൂവോ
പൂവിൽ നിറഞ്ഞ മധുവോ . . . . പരി
പൂർണേന്ദു തന്റെ നിലാവോ
പുത്തൻ പവിഴക്കൊടിയോ . . . . .ചെറു
തത്തകൾ കൊഞ്ചും മൊഴിയോ
ചാഞ്ചാടിയാടും മയിലോ . . മൃദു
പഞ്ചമം പാടും കുയിലോ .
ഈശ്വരൻ തന്ന നിധിയോ – പര
മേശ്വരിയേന്തും കിളിയോ
വാത്സല്യ രത്നത്തെ വയ്പാൻ – മമ
വച്ചൊരു കാഞ്ചന ചെപ്പോ...

പാട്ടിന്റെ വേഗതയെ നിയന്ത്രിക്കുന്ന ഘടകമാണ് താളം. സംഗീതത്തിന്റെ അടിസ്ഥാനാംശങ്ങളിൽ ശ്രുതി പോലെ പ്രധാനമാണ് താളവും. വേഗത കൂടിയതും കുറഞ്ഞതുമായ ധാരാളം പാട്ടുകൾ നിങ്ങൾ കേൾക്കാറുണ്ടല്ലോ .ഈ വേഗതയുടെ അളവാണ് താളം . ശ്രുതിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങളെ പോലെ താളത്തിനു വേണ്ടിയും ധാരാളം വാദ്യോപകരണങ്ങളുണ്ട് .ഇവയാണ് താളവാദ്യങ്ങൾ.

| മൃദംഗം | തബല | ഗഞ്ചിറ | മദ്ദളം |
|---|---|---|---|
|  |  |  |  |

കൂടുതൽ താളവാദ്യങ്ങൾ കണ്ടെത്തി എഴുതു.

..............................................................................

..............................................................................

നേരത്തെ ആലപിച്ച ഗാനം
താളമടിച്ച് വീണ്ടും പാടൂ . . .
നിങ്ങൾക്ക് പരിചയമുള്ള ചില
ഗാനങ്ങൾ ഇവിടെ ചേർക്കുന്നു .
ശ്രുതിയും ഈണവും താളവും
ഉൾക്കൊണ്ട് സംഘങ്ങളായി അവതരിപ്പിക്കൂ.

ഗാനം 1

തെയ്യോം തക താരോം തിത്തോം
തിത്തക താര തിനന്തിനം താരാ
രാരിക്കം രാരോ രേരിക്കം രേരാ
അപ്പരന്തിപ്പരുന്ത് പരുന്ത്, മാനത്തെ ചെമ്പരുന്ത്
.......................................................
മയിലിനെ വന്നിങ്ങ് റാഞ്ചും പരന്ത്..
മാനത്തെ ചെമ്പരുന്ത്... (തെയ്യാം തക...)

ഗാനം 2

സാരെ ജഹാംസെ അച്ഛാ
ഹിന്ദോസ്താം ഹമാര ഹമാര (സാരെ)
ഹംബുൽ ബുലേംഹേം ഇസ്കി
യെഹ് ഗുൽ സിതാം ഹമാര ഹമാര (സാരെ)
പർബത് വോ സബ്സെ ഊംചാ
ഹംസായ ആസ്മാംകാ
വോ സംതരീ ഹമാരാ
വോ പാസ് പാം ഹമാര ഹമാര (സാരെ)
മസ് ഹബ് നഹീം സിഖാതാ
ആപസ് മേം വൈർ റഖ്നാ
ഹിന്ദീ ഹേ ഹം വതന്ഹെ
ഹിന്ദോസ്താം ഹമാര ഹമാര (സാരെ)





കൂടുതൽ പാട്ടുകൾ
ശേഖരിച്ച് ഇത്തരത്തിൽ ആലപിക്കുക.
സംഗീതോപകരണങ്ങളുടെ ചിത്രങ്ങൾ
ശേഖരിച്ച് ആൽബത്തിൽ ഒട്ടിക്കുമല്ലോ.

## ഡി.കെ.പട്ടമ്മാൾ

## D.K PATTAMMAL





തമിഴ്നാട്

**1919 - 2009**



പ്രമുഖ കർണ്ണാടകസംഗീതജ്ഞയായിരുന്നു ദാമൽ കൃഷ്ണസ്വാമി പട്ടമ്മാൾ. തമിഴ് നാട്ടിലെ കാഞ്ചീപുരത്തുള്ള ഒരു യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിലാണ് പട്ടമ്മാൾ ജനിച്ചത്. അലമേലു എന്നായിരുന്നു വിളിപ്പേര്. സംഗീതത്തിൽ കമ്പമുണ്ടായിരുന്ന പിതാവ്, ദമാൽ കൃഷ്ണസ്വാമി ദീക്ഷിതർ, പട്ടമ്മാളിനെ കർണ്ണാടക സംഗീതം പഠിയ്ക്കുവാൻ പ്രേരിപ്പിച്ചു. സംഗീത വിദ്വാന്മാരായിരുന്ന ഡി. കെ .രങ്കനാഥൻ, ഡി.കെ. നാഗരാജൻ, ഡി.കെ.ജയരാമൻ എന്നിവരോടൊപ്പം കൃതികളെക്കുറിച്ചും ,രാഗങ്ങളെക്കുറിച്ചും പട്ടമ്മാൾ ചർച്ചചെയ്യുമായിരുന്നു. അത് പട്ടമ്മാളുടെ സംഗീത ജീവിതത്തിന് വലിയ മുതൽക്കൂട്ടായിരുന്നു. അമേരിക്ക, കാനഡ, ഫ്രാൻസ്, ജർമനി, സ്വിറ്റ്സർലാന്റ് എന്നിങ്ങനെ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സംഗീത പരിപാടികൾ അവതരിപ്പിക്കുവാൻ അവർക്ക് അവസരം ലഭിച്ചിട്ടുണ്ട്. എം.എസ് സുബ്ബലക്ഷ്മി, ഡി കെ പട്ടമ്മാൾ, എം എൽ വസന്തകുമാരി എന്നിവർ ആ കാലഘട്ടത്തിന്റെ 'ഗായികാത്രയങ്ങൾ' എന്ന് അറിയപ്പെട്ടിരുന്നു. കർണ്ണാടകസംഗീതത്തിൽ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഈ ഗായികാത്രയത്തിന് സാധിച്ചു.

പുരസ്കാരങ്ങൾ:

ഗാന സരസ്വതി,സംഗീത സാഗരരത്ന, സംഗീത നാടക അക്കാദമി പുരസ്കാരം, സംഗീത കലാനിധി (കർണ്ണാടക സംഗീതത്തിലെ ഉന്നതപുരസ്കാരം)പത്മഭൂഷൻ, സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പ്, പത്മവിഭൂഷൻ

# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |
| 12 | | |
| 13 | | |
| 14 | | |
| 15 | | |
| 16 | | |
| 17 | | |
| 18 | | |
| 19 | | |
| 20 | | |
| 21 | | |
| 22 | | |
| 23 | | |
| 24 | | |
| 25 | | |
| 26 | | |
| 27 | | |
| 28 | | |
| 29 | | |
| 30 | | |
| 31 | | |
| 32 | | |

| ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|
| 33 | | |
| 34 | | |
| 35 | | |
| 36 | | |
| 37 | | |
| 38 | | |
| 39 | | |
| 40 | | |
| 41 | | |
| 42 | | |
| 43 | | |
| 44 | | |
| 45 | | |
| 46 | | |
| 47 | | |
| 48 | | |
| 49 | | |
| 50 | | |
| 51 | | |
| 52 | | |
| 53 | | |
| 54 | | |
| 55 | | |
| 56 | | |
| 57 | | |
| 58 | | |
| 59 | | |
| 60 | | |
| 61 | | |
| 62 | | |
| 63 | | |
| 64 | | |

| | എന്റെ പേര് | എനിക്ക് ഞാൻ നൽകിയ സ്കോർ | ടീച്ചർ നൽകിയ സ്കോർ |
|---|---|---|---|
| | | | |

ഈ യൂണിറ്റിൽ നിന്ന് ഞാൻ പഠിച്ചത് :......................................................................................................................................

.........................................................................................................................................................................

*ശ്രദ്ധിക്കുക - ടീച്ചറുടെ നിർദേശപ്രകാരം യൂണിറ്റിലെ മികച്ച ഒരു പ്രവർത്തനം വിലയിരുത്തണം.*

# യൂണിറ്റ് 2
# നാടൻ ശീലുകൾ

വായ്ത്താരികൾ പാടാനും
പാട്ടിനോടൊപ്പം ചേർക്കാനും
മുൻക്ലാസ്സുകളിൽ പഠിച്ചുവല്ലോ.
വായ്ത്താരിയോടുകൂടി
കൂടുതൽ പാട്ടുകൾ ഇനി നമുക്ക് പാടി പഠിക്കാം.
ഓ തിത്തിത്താരാ തിത്തിതെയ്
തിത്തെയ് തക തെയ് തെയ് തോം
കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണേ കുയിലാളേ
കൊട്ടുവേണം കുഴൽ വേണം കുരവ വേണം
തിത്തെയ് തക തെയ് തെയ് തോം
വരവേൽക്കാനാളു വേണം കൊടി തോരണങ്ങൾ വേണം
വിജയശ്രീ ലാളിതരായ് വരുന്നു ഞങ്ങൾ
ഓ തിത്തിത്താരാ തിത്തിതെയ്
തിത്തെയ് തക തെയ് തെയ് തോം
( നിങ്ങൾക്കറിയാവുന്ന മറ്റേതെങ്കിലും പാട്ടും പാടാം . )





kerala school kalolsavam

പ്രത്യേക അർത്ഥമില്ലാതെ അക്ഷരങ്ങൾ താളാത്മകമായി കൂട്ടിച്ചേർത്ത് ആലപിക്കുന്നതാണ് വായ്ത്താരി. ഇത് പാട്ടിന് കൂടുതൽ ഇമ്പവും ആവേശവും നൽകുന്നു.

**തെയ്യത്തിനെന്തിനം താരോ...**

നിങ്ങളുടെ വീടിനടുത്ത് കൃഷി സ്ഥലങ്ങൾ കണ്ടിട്ടുണ്ടോ,
അവിടെ കൃഷിയുണ്ടോ...
പണ്ട് നമ്മുടെ കൃഷിയിടങ്ങളിൽ പകലന്തിയോളം പണിയെടുത്തിരുന്നവർ
അധ്വാനഭാരം കുറയ്ക്കാൻ ചില സൂത്രങ്ങൾ കണ്ടെത്തിയിരുന്നു .
പാട്ടുപാടിക്കൊണ്ട് ജോലി ചെയ്യുക എന്നത് അതിലൊന്നായിരുന്നു .
പാട്ടുകൾക്ക് പ്രത്യേക അർത്ഥം ഉണ്ടാകണമെന്നില്ല .

ഇതു പോലെ ആഘോഷങ്ങൾക്ക് ഇമ്പമേകാൻ പാട്ടും വായ്ക്കുരവയും ഉണ്ടായിരുന്നു. പല സന്ദർഭങ്ങൾക്കും യോജിച്ച നിരവധി പാട്ടുകൾ അങ്ങനെ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഇതാണ് നാടൻ പാട്ടുകൾ. ഇതിൽ ചിലത് കഥാഗാനങ്ങളാണ് അനുഭവകഥനമാണ്, ചോദ്യോത്തര രൂപത്തിലുള്ള പാട്ടുകളുമുണ്ട്, ഉത്സവപാട്ടുകൾ,തൊഴിൽപാട്ടുകൾ... ഈണത്തിലും വ്യത്യാസമുള്ളവയാണ് ഇവ.

## ചില ഉദാഹരണങ്ങൾ

കൊച്ചിയിൽ നട്ടിട്ട് കൊല്ലത്തു വേരോടെ
അവിടെ മുളച്ചൊരു മുള്ളൻ ചീര
പറിച്ചപ്പോൾ പാവയ്ക്ക നട്ടപ്പോൾ കോവയ്ക്ക
കൊട്ടയിലിട്ടപ്പോ കൊട്ടത്തേങ്ങ
കൊട്ടത്തേങ്ങാ തിന്നാൻ ഞാനൊന്നു ചെന്നപ്പോൾ
അവിടെ ഒരു കലം ചാമക്കഞ്ഞി

ആ അരിവാളെവിടെടി പെണ്ണേ മരുതംകോടി പൊന്നമ്മേ
ആ അരിവാളല്ലേ പിന്നെ ചാമ കൊയ്യാൻ പോയത്
ആ ചാമ എവിടെടീ പെണ്ണേ മരുതംകോടി പൊന്നമ്മേ
ആ ചാമയല്ലേ പിന്നെ കുത്തിക്കഞ്ഞി വച്ചത്
ആ കഞ്ഞി എവിടെടീ പെണ്ണേ മരുതംകോടി പൊന്നമ്മേ
ആ കഞ്ഞിയല്ലേ പിന്നെ മൂരിക്കുഞ്ഞി കുടിച്ചേത്

**അങ്ങനെയെങ്കിൽ ഇവിടെ നൽകിയിരിക്കുന്ന പാട്ടുകൾ**
**ഏത് സന്ദർഭത്തിന് യോജിച്ചതാണെന്ന് കുറിയ്ക്കൂ...**

മാരിമഴകൾ നനഞ്ഞേ
ചെറു വയലുകളൊക്കെ നനഞ്ഞേ

........................................................

എന്താ തുമ്പീ തുള്ളാത്തേ
പൂ പോരാഞ്ഞോ പൂമ്പട പോരാഞ്ഞോ

നന്മവരുത്തണമല്ലലൊഴിക്കണം
നാഗേശാ പാലിക്കണം നാഗരാജാവേ

........................................................

കൂടുതൽ പാട്ടുകൾ ശേഖരപുസ്തകത്തിൽ ഉൾപ്പെടുത്തുമല്ലോ...

ramkinkar baij



**പലതരം നാടൻപാട്ടുകൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞില്ലേ .**
**എങ്കിൽ നിങ്ങൾ ശേഖരിച്ച ഓരോ പാട്ടുകൾ ഗ്രൂപ്പുകളായി അവതരിപ്പിക്കാം .**

കൈ തട്ടി പാടാം...........
മാരിമഴകൾ നനഞ്ഞേ – ചെറു
വയലുകളൊക്കെ നനഞ്ഞേ
പൂട്ടിയൊരുക്കി പറഞ്ഞേ – ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ
ഓമല, ചെന്തില, മാല – ചെറു
കണ്ണമ്മ, കാളി, കറുമ്പി,
ചാത്ത ചടയന്മാരായ – ചെറു
മച്ചികളെല്ലാരും വന്തേ...
വന്തു നിരന്തവർ നിന്റെ – കെട്ടി
ഞാറെല്ലാം കെട്ടിപ്പകുത്തെ...
ഒപ്പത്തിൽ നട്ടു കരേറാ – നവർ
കുത്തിയെടുത്തു കുനിഞ്ഞേ....
പാട്ടൊന്ന് പാടീട്ട് വേണം – നിങ്ങൾ
നട്ടു കരയ്ക്കങ്ങു കേറാൻ....

കറുത്തപെണ്ണേ... കരിങ്കുഴലീ...
നിനക്കൊരുത്തൻ കിഴക്കുദിച്ചു.
കാടു വെട്ടി തരം വരുത്തി
തറയുഴുതു പതം വരുത്തി
പതം വരുത്തി തിന വിതച്ചു
തിന തിന്നാൻ കിളിയിറങ്ങി
കിളിയാട്ടാൻ പെണ്ണിറങ്ങി
അവളിറങ്ങി വളകിലുങ്ങി
വളകിലുങ്ങി കിളി പറന്നു
പെണ്ണിനുട വളകിലുക്കം
കിളി പറന്നു മലകടന്നു...
കറുത്തപെണ്ണേ...




ramkinkar baij

ലാലിലാലി ലാലേലോ ലാലീ ലാലോ
ലീലേലീലേ ലിലേലോ ലീലേലി ലോ
ഇഞ്ചിമല പൂമാലേ നന്ദാനന്ദാ
ഇഞ്ചി പൂ മരതകവാണി നന്ദാനന്ദാ
മുല്ലമല പൂമാലേ നന്ദാ നന്ദാ
മുല്ലപൂ മരതകവാണീ നന്ദാനന്ദാ
തെച്ചിമല പൂമാലേ നന്ദാനന്ദാ
തെച്ചിപ്പൂ മരതകവാണി നന്ദാനന്ദാ
പിച്ചിമല പൂമാലേ നന്ദാനന്ദാ
പിച്ചിപ്പൂ മരതകവാണീ നന്ദാനന്ദാ..

തന്താനേ താനാ തിന തന്താനം താന
തന്താനേ താനാ തിന തന്താനം താന
ആദിയില്ലല്ലോ ലന്തമില്ലല്ലോ
ലക്കാലംമ്പോലായുഗത്തിൽ
ഇരുളുമില്ലല്ലോ വെളിവുമില്ലല്ലോ
ലക്കാലംമ്പോലായുഗത്തിൽ
രയ്യരയ്യം രയ്യരയ്യം രയ്യര രയ്യര രയ്യരയ്യം

നാടൻപാട്ടുകൾ നാടിന്റെ പാട്ടാണ്. നാടൻവസ്തുക്കളായ ചിരട്ട, മുള മുതലായവയായിരുന്നു അതിനുപയോഗിച്ചിരുന്ന വാദ്യങ്ങൾ.

പിന്നീട് രൂപം കൊണ്ടതും നാടൻ പാട്ടുകൾക്ക് ഉപയോഗിച്ചിരുന്നതുമായ ചില വാദ്യോപകരണങ്ങൾ നമുക്കു കാണാം.
(ചിത്രങ്ങൾ)



പുള്ളുവക്കുടം



പുള്ളുവവീണ



കുടുക്കവീണ

## നാടൻപാട്ട്

പത്തായത്തിൽ ഇറങ്ങി ഒരിത്തിരി
നെല്ലെടുക്കന്റെ മോളേ
എനിക്കവെയ്യമ്മോ എലി എന്നെ
കടിച്ച് തിന്നുമമ്മോ..
ഉരപ്പെരയിലെ അരിയൊരിത്തിരി
ഇടിച്ചു താമോളെ...
എനിക്ക് വയ്യാമ്മോ ചെറക്കുമ്മാ
രൊളിച്ചു നോക്കുമമ്മേ...

പരിസരത്തുനിന്ന് ലഭിക്കുന്ന
ചില വസ്തുക്കൾ ഉപകരണങ്ങളാക്കി
നമുക്ക് ഏതാനും നാടൻ പാട്ടുകൾ പാടാം .
ഗ്രൂപ്പുകളായി അവതരിപ്പിക്കൂ...
മറ്റ് സംഘങ്ങൾ വിലയിരുത്തുകയും ചെയ്യട്ടെ.

പലതരം നാടൻപാട്ടുകൾ
താളമിട്ട് പാടുവാൻ നിങ്ങൾ പരിശീലിച്ചുവല്ലോ .
ചില പുതിയ പാട്ടുകളും വാദ്യോപകരണങ്ങളും
കണ്ടെത്തുവാനും കഴിഞ്ഞില്ലേ . . .

## ചെമ്പൈ CHEMBAI





കേരളം

1896-1974



ചെമ്പൈ വൈദ്യനാഥ ഭാഗവതർ,
1896 സെപ്റ്റംബർ ഒന്നിന് പാലക്കാട് ജില്ലയിലെ കോട്ടായി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ചെമ്പൈ ഗ്രാമത്തിൽ ജനിച്ചു. പിന്നീട് അദ്ദേഹം തന്റെ ഗ്രാമത്തിന്റെ പേരിൽ അറിയപ്പെട്ടു.
അരിയക്കുടി രാമാനുജ അയ്യങ്കാർ , മഹാരാജപുരം വിശ്വനാഥ അയ്യർ, ചെമ്പൈ എന്നിവരെ കർണാടക സംഗീതത്തിലെ അഭിനവ ത്രിമൂർത്തികളായി വിശേഷിപ്പിച്ചു പോരുന്നു.
ത്യാഗരാജ സ്വാമികളുടെ സമകാലീനനായിരുന്ന
ചക്രതാനം സുബ്ബഅയ്യർ, ചെമ്പൈയുടെ മുതുമുത്തശ്ശനായിരുന്നു. ഭാഗവതർ എന്ന നിലയിൽ നൈമിഷികമായി മനോധർമ്മം പ്രദർശിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് സുവിദിതമാണ്.
എല്ലാത്തിനുമുപരി, ജാതിമത ചിന്തയ്ക്കതീതമായി ചിന്തിക്കുകയും
നാനാ ജാതിമതസ്ഥരെ ശിഷ്യരായി സ്വീകരിക്കുകയും ചെയ്യുക വഴി താൻ ജീവിച്ച കാലത്തിനുമപ്പുറം ചിന്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പിൽക്കാലത്ത് അതിപ്രശസ്തരായ കെ.ജെ. യേശുദാസ്, ജയവിജയന്മാർ, പി. ലീല എന്നിവരൊക്കെ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ
പെടുന്നു. ധാരാളം ബഹുമതികൾ ധാരാളം ബഹുമതികൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.
1951– ലെ "സംഗീത കലാനിധി"പദവി, കേന്ദ്ര സംഗീതനാടക അക്കാദമി അവാർഡ്,പദ്മഭൂഷൺ, ഗാനഗന്ധർവ പദവി എന്നിവ അതിൽ ചിലതു മാത്രം. കൊച്ചി, മൈസൂർ , ബറോഡ, വിജയനഗരം, ബോബ്ബിലി, ജെയ്പൂർ എന്നിവിടങ്ങളിലെ രാജാക്കന്മാരും പല അംഗീകാരങ്ങളും നൽകി ആദരിച്ചിട്ടുണ്ട്.



# വിലയിരുത്തൽ പേജ്

| ക്രമ നമ്പർ | പേര് | സ്കോർ | ക്രമ നമ്പർ | പേര് | സ്കോർ |
|---|---|---|---|---|---|
| 1 | | | 33 | | |
| 2 | | | 34 | | |
| 3 | | | 35 | | |
| 4 | | | 36 | | |
| 5 | | | 37 | | |
| 6 | | | 38 | | |
| 7 | | | 39 | | |
| 8 | | | 40 | | |
| 9 | | | 41 | | |
| 10 | | | 42 | | |
| 11 | | | 43 | | |
| 12 | | | 44 | | |
| 13 | | | 45 | | |
| 14 | | | 46 | | |
| 15 | | | 47 | | |
| 16 | | | 48 | | |
| 17 | | | 49 | | |
| 18 | | | 50 | | |
| 19 | | | 51 | | |
| 20 | | | 52 | | |
| 21 | | | 53 | | |
| 22 | | | 54 | | |
